**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2445** — 08-05-2017 -ൽ മറുപടിക്ക്

## കുടിവെള്ള ക്ഷാമം പരിഹരിക്കാൻ വാട്ടർ കിയോസ്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സംസ്ഥാനത്ത് റവന്യൂവകുപ്പ് മുഖേന ഇതിനകം എത്ര വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | എ) | 2016-17-ലെ വരൾച്ചാ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. അതിൽനിന്നും ആകെ 2297 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം - എ ആയി ചേർക്കുന്നു. |
| ബി) | ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഇത്തരത്തിൽ സ്ഥാപിക്കപ്പെട്ട കിയോസ്കുകൾ എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും; | ബി) | ഇതിനായി 6,53,06,546/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപിക്കപ്പെട്ട കിയോസ്കുകളിൽ പ്രവർത്തിച്ചു തുടങ്ങാത്തവ ഈ മാസം തന്നെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | കൂടുതൽ കിയോസ്കുകൾ അനുവദിക്കാൻ ആലോചനയുണ്ടോ; കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഇതിനകം സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | സി) & ഡി) | സംസ്ഥാന വ്യാപകമായി 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ കൂടുതൽ കിയോസ്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. 2016-17 സാമ്പത്തിക വർഷം "2245-01-102-99-Drought - Drinking water supply" എന്ന ശീർഷകത്തിൽ നിന്നും ആകെ 31,04,59,705/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - ബി ആയി ചേർക്കുന്നു. |
| ഡി) | ഇതിന്റെ ജില്ലതിരിച്ച് കണക്ക് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം - എ

| ക്രമ നം | ജില്ല | (2016-17) വർഷത്തിലെ കണക്കനുസരിച്ച് സ്ഥാപിച്ച കിയോസ്കുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 217 | - |
| 2 | കൊല്ലം | 6 | 294 കിയോസ്കുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| 3 | ആലപ്പുഴ | 100 | 181 കിയോസ്കുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| 4 | പത്തനംതിട്ട | 100 | 175 വാട്ടർ കിയോസ്കുകൾ കൂടി ഉടൻ പ്രവർത്തനസജ്ജമാകുന്നതാണ്. |
| 5 | കോട്ടയം | 105 | - |
| 6 | ഇടുക്കി | 21 | 60 കിയോസ്കുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| 7 | എറണാകുളം | 100 | 300 കിയോസ്കുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| 8 | തൃശ്ശൂർ | 59 | - |
| 9 | പാലക്കാട് | 468 | - |
| 10 | മലപ്പുറം | 65 | 70 കിയോസ്കുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 11 | കോഴിക്കോട് | 332 | - |
| 12 | വയനാട് | 100 | - |
| 13 | കണ്ണൂർ | 296 | - |
| 14 | കാസർകോട് | 328 | - |
| **Total** | | **2297** | - |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# അനുബന്ധം - ബി

| ക്രമ നം | ജില്ല | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം | 32,02,342 |
| 2 | കൊല്ലം | 67,08,797 |
| 3 | ആലപ്പുഴ | 1,07,43,987 |
| 4 | പത്തനംതിട്ട | 34,53,879 |
| 5 | കോട്ടയം | 8,27,172 |
| 6 | ഇടുക്കി | 23,72,430 |
| 7 | എറണാകുളം | 5,15,03,121 |
| 8 | തൃശ്ശൂർ | 4,58,09,789 |
| 9 | പാലക്കാട് | 7,52,05,665 |
| 10 | മലപ്പുറം | 3,50,11,896 |
| 11 | കോഴിക്കോട് | 1,88,93,553 |
| 12 | വയനാട് | 43,22,066 |
| 13 | കണ്ണൂർ | 3,98,31,500 |
| 14 | കാസർകോട് | 1,25,73,508 |
| **ആകെ** | | **31,04,59,705** |

സെക്ഷൻ ഓഫീസർ